Mar Thoma Residential School, Tiruvalla

First Terminal Examination - 2017

Std. XI

Time - 3 hrs
Marks - 80

# Malayalam

## Section A

### Question 1:-

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് ഉപന്യാസം തയ്യാറാക്കുക.

1. 'കഠിനാദ്ധ്വാനം വിജയം സൃഷ്ടിക്കും' - ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.
2. മറ്റൊരു ഗൃഹത്തിലേക്ക് കുടുംബത്തോടൊപ്പം താമസം മാറുന്നതിനിടയിൽ നിങ്ങൾക്കുണ്ടായ രസകരമായ ഒരനുഭവം?
3. യുദ്ധം വരുത്തുന്ന നാശങ്ങളെയും ലോകസമാധാനത്തിന്റെ ആവശ്യകതയെയും കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക
4. വനങ്ങൾ സംരക്ഷിക്കപ്പെടേണ്ട ധനമാണ് — സമർത്ഥിക്കുക.
5. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ ആസ്പദമാക്കി ഒരു കഥയെഴുതുക

a. ഓർമ്മ

b. കുറ്റബോധം.

### Question 2.

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നമ്മുടെ ആത്മസുഹൃത്തുക്കൾ നമ്മെ ആരാധനാപാത്രമാക്കിക്കാണുമ്പോൾ എന്തൊരാനന്ദമാണ് നമ്മിലുണ്ടാവുക! ജീവിതത്തിൽ നമുക്ക് അനുഭവിക്കാൻ

കഴിയുന്ന ഏറ്റവും മഹത്തായ അനുഗ്രഹമായിരിക്കും അത്. ഒരു സ്വച്ഛത നമ്മിൽ വന്നു ചേർന്നതായി അനുഭവ നമുക്കു തോന്നും. പല സൽഗുണങ്ങളുടെയും സമ്മി സമ്മേളനം നമ്മുടെ സ്നേഹഭാജനം നമ്മിൽ കാണുന്നു. നമ്മിലുള്ള കുറ്റങ്ങളെയും കുറവുകളും അവരുടെ ശ്രദ്ധയെ അത്രത്തോളം ആകർഷിക്കുന്നില്ല. നമ്മോടുള്ള അളവറ്റ സ്നേഹം കൊണ്ട് നമ്മുടെ കുറ്റങ്ങൾ കാണുന്നതിന് അവർക്കു കഴിയാതെ പോകുന്നു. സ്നേഹത്തെ ഇഷ്ടംപോലെ നമ്മുടെ സ്നേഹഭാജനത്തിലേക്ക് ഒഴുകുന്നതിന് നാം അനുവദിക്കണം. വാക്കുകൊണ്ടും നോട്ടംകൊണ്ടും സ്പർശം കൊണ്ടും പ്രവൃത്തി കൊണ്ടും പെരുമാറ്റം കൊണ്ടും സ്നേഹം ഉള്ളിൽ കെട്ടിനിർത്തിയതു കൊണ്ടായില്ല. അതിന്റെ സ്വാഭാവികമായ പ്രകടനത്തിന് വഴിവയ്ക്കു തന്നെ വേണം. തന്റെ കുട്ടിയോട് അമ്മയ്ക്ക് എത്രത്തോ സ്നേഹമുണ്ടായിരുന്നാലും ലാളനയിൽക്കൂടിയും വാക്കുകളിൽക്കൂടിയും അതു പ്രകടമാക്കുന്നില്ലെങ്കിൽ കുട്ടിക്കു തൃപ്തിയുണ്ടാകുന്നതല്ല. തന്നോട് അമ്മയ്ക്കു സ്നേഹമില്ല എന്നു കുട്ടി ആവലാതിപ്പെടുന്നതിനു വഴിനൽകുകയാണത്. കെട്ടിനിൽക്കുന്ന വെള്ളം മലിനം ഒഴുകുന്ന വെള്ളമേ ശുദ്ധമായിരിക്കൂ. സ്നേഹം പൂഴ്ത്തി വയ്ക്കാനുള്ളതല്ല. അതു മറ്റുള്ളവർക്കു കൊടുക്കുന്നതു വഴിയാണ് അതിന്റെ രൂപം നാമറിയു അതുപോലെ ദയയും പുറത്തെടുക്കാതെ പൂഴ്ത്തി- വയ്ക്കുകയാണെങ്കിൽ കല്ലുപോലെ കഠിനവും പരുഷ മായി ഉറച്ചുപോകും. മറ്റുള്ളവരുമായി പങ്കിടാതെ അവനവനിൽത്തന്നെ അടച്ചു വച്ചു സൂക്ഷിക്കുന്നതെ എന്തെങ്കിലുമൊരുനാൾ നമുക്കു നഷ്ടപ്പെടുകതന്നെ ചെയ്യും. "നാം നമുക്കായി സമ്പാദിച്ചു വയ്ക്കുന്നത് ഒന്നുമാത്രം. നാം മറ്റുള്ളവർക്കു കൊടുക്കുന്നതെന്തോ അ എന്ന് ഒരു ചിന്തകൻ പറഞ്ഞത് സ്മരണീയമാണ്.

വിവിധ ഹൃദയങ്ങളെ കൂട്ടിക്കെട്ടുന്ന ഉറപ്പും മിനുസവുമുള്ള പട്ടുചരടാണ് സ്നേഹം. സ്നേഹത്തിന്റെ കണ്ണുകളിൽക്കൂടെ നോക്കുമ്പോൾ എല്ലാ വസ്തുക്കളും ഭംഗിയുള്ളവയായിക്കാണാം. അപ്പോൾ എല്ലാ പ്രവൃത്തിയും അർപ്പണമായി തോന്നും. എല്ലാ വിചാരങ്ങളും നിർദ്ദോഷമാകും.

സ്നേഹമയമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ശ്രമിക്കുക. ചെല്ലുന്നിടങ്ങളെല്ലാം സ്നേഹം വിതരണം ചെയ്യുക. പ്രവൃത്തിയും പെരുമാറ്റവും സ്നേഹത്തിന്റെ മാഹാത്മ്യത്തെ പ്രഘോഷിക്കുന്ന തരത്തിലാക്കുക. എല്ലാ പ്രവൃത്തികളുടെയും പ്രേരണ സ്നേഹമാണെന്ന് മറ്റുള്ളവർക്കു തോന്നത്തക്കവണ്ണം പെരുമാറുക.

“സ്നേഹം ആനന്ദമാണ്. സ്നേഹം ശക്തിയാണ്. സ്നേഹം വെളിച്ചമാണ്. സ്നേഹം തന്നെയാണ് ദൈവവും.” എന്ന് ഒരാചാര്യൻ പ്രസ്താവിച്ചത് എത്ര അർത്ഥവത്താണ്.

ചോദ്യങ്ങൾ:-

1. നമ്മിലുള്ള കുറ്റങ്ങളും കുറവുകളും കാണാൻ കഴിയാതെ പോകുന്നത് ആർക്കാണ്? എന്താണതിന് കാരണം? [2
2. അമ്മയ്ക്ക് തന്നോടു സ്നേഹമില്ല എന്നൊരു കുട്ടി ആവലാതിപ്പെടുന്നെങ്കിൽ എന്താണതിന്റെ യഥാർത്ഥ കാരണം? [2]
3. “കെട്ടിനിൽക്കുന്ന വെള്ളം മലിനമാകും; ഒഴുകുന്ന വെള്ളമേ ശുദ്ധമായിരിക്കൂ” — ഈ സാദൃശ്യം കൊണ്ട് ലേഖകൻ വിശദീകരിക്കുന്നതെന്ത്? [2
4. ഒരുവന്റെ യഥാർത്ഥ സമ്പാദ്യം എന്താണ്? ഇതിനെപ്പറ്റി ചിന്തകന്മാരുടെ അഭിപ്രായം വ്യക്തമാക്കുക. [2½

Question 3.

a) വാക്യശുദ്ധിവരുത്തുക [4]

1. അതല്ലാതെ അതിനുമറ്റു പോംവഴിയൊന്നുമില്ല
2. മുനിശിഷ്യൻമാരോടൊപ്പം ഗർഭിണിയായ ശകുന്തളയെ കണ്വൻ രാജകൊട്ടാരത്തിലേക്കയച്ചു.
3. ശങ്കരാചാര്യർ തന്റെ മുപ്പത്തിരണ്ടാം വയസ്സിൽ അന്തരിച്ചു.
4. ഹനുമാൻ സീതയെത്തേടിപ്പുറപ്പെട്ട് സമുദ്രം ചാടിക്കടന്ന് ലങ്കയിലെത്തുകയും രാവണന്റെ ഉദ്യാനത്തിൽ സീതയെക്കണ്ടെത്തി ശ്രീരാമന്റെ സന്ദേശം അവളെ അറിയിച്ചു മടങ്ങിയെത്തി.

b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം വാക്യത്തിൽ പ്രയോഗിക്കുക. [6]

1. മുടന്തൻ ന്യായം
2. ഗണപതിക്കുകുറിക്കുക
3. ചന്ദ്രഹാസമിളക്കുക
4. കണ്ണടച്ചന്ധകരിക്കുക

## Section B.

രണ്ടു പുസ്തകത്തിൽ നിന്നുമായി നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

### 1. ഗദ്യകൈരളി

Question 4

"രണ്ടു വറ്റു പെറുക്കി തിന്നാനാണ്. കരിം പച്ചണിയൽ വിശന്നു വിശന്ന്"

ചോദ്യങ്ങൾ:-

1. ഇങ്ങനെ പറഞ്ഞതാര്? സന്ദർഭം? [3]
2. ഒരു ബനിയനുണ്ടായിരുന്നതങ്ങനെ പോയി. എങ്ങനെ?

3. തീപ്പെട്ടിക്കൊള്ളിയുരച്ചു താഴേക്കു നോക്കിയപ്പോൾ [2
കണ്ടതെന്തെല്ലാം ?

4. ഇരുന്നപ്പോഴാണൊരു കാര്യം ഓർത്തത്- ഓർത്തതെ
[

Question 5

ആ പറഞ്ഞതു നുണയല്ല, വെറും തമാശയാണെന്ന് വിശ്വസിക്കാനുള്ള ശ്രമത്തിലാണു ഞാനിപ്പോൾ. ഇങ്ങനെ ചിന്തിക്കാൻ കഥാകാരിയെ പ്രേരിപ്പിച്ച [10
സംഭവങ്ങളെന്തെല്ലാം ?

Question 6

യജമാനന്റെ ഗൃഹത്തെ മരണംവരെ ആസ്വദിക്കുമുള്ള മൃഗം കാള. വെള്ളപ്പൊക്കത്തിൽ അതിന്റെ അവസ്ഥ എങ്ങനെയായിരുന്നെന്ന് വിവരിക്കുക ? [10]

2. അമ്പുരവിന്ത്

Question 7

"അമ്പുപോലെ വട്ടിയിലിട്ട കഥ പറയുമ്പോൾ ഉരുളൻ- തൂണു ചുറ്റിപ്പിടിച്ചുനിന്ന് അയാൾ വെറുപ്പോടെ അമ്മയെനോക്കും"—

ചോദ്യങ്ങൾ:-

1. തൂണിലെ മുറിവുകളുടെ ചരിത്രം വിവരിക്കുക ? [ ]
2. ഗോവിന്ദൻകുട്ടിയുടെ ഒരുദിവസം കടന്നുപോകുന്നതെങ്ങ
3. പുത്തരി ആഘോഷിച്ചിരുന്നതെങ്ങനെ ?
4. "നമ്മുടെ ഇല്ല്യായിം വല്ല്യായിം അപ്പന്മാരെ അറിയാൻ പാടു
എന്ന് അമ്മ പറഞ്ഞതെപ്പോൾ ?

Question 8:-

ഗോവിന്ദൻകുട്ടിയുടെ സഹോദരങ്ങളെക്കുറിച്ച് വിവരിക്ക
[10

Question 9:-

ഗോവിന്ദൻകുട്ടി എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നതിൽ എം.ടി. എത്രമാത്രം വിജയിച്ചിരിക്കുന്നുവെന്ന് പരിശോധിക്കുക ?